# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2953      20/12/2012-ലെ മറുപടിക്ക്

**മലപ്പുറം കുറ്റിപ്പുറത്ത് പ്രവർത്തിക്കുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി എക്സ്റ്റൻഷൻ സെന്റർ**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ.ടി. ജലീൽ | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). |
| എ) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറത്ത് പ്രവർത്തിക്കുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി എക്സ്റ്റൻഷൻ സെന്റർ നിൽക്കുന്ന കെട്ടിട ഉടമയുടെ പേരും വിലാസവും വ്യക്തമാക്കാമോ; | എ) ശ്രീ. കെ.കെ. മുഹമ്മദ് ഹനീഫ, കണ്ണംകുളങ്ങര ഹൗസ്, ആയങ്കലം പി.ഒ, തവനൂർ, മലപ്പുറം ജില്ല. |
| ബി) പ്രസ്തുത കെട്ടിടത്തിൽ യൂണിവേഴ്സിറ്റിക്കായി ഏറ്റെടുത്തിട്ടുള്ള പ്ലിന്ത് ഏരിയ എത്രയാണ്; ആയതിന് ചതുരശ്ര അടിക്ക് നിശ്ചയിച്ചിട്ടുള്ള വാടക എത്രയാണ്; | ബി) 1123 മീറ്റർ സ്ക്വയർ. സ്ക്വയർ മീറ്ററിന് 80.15 രൂപ വാടക നിശ്ചയിച്ചിട്ടുള്ളതാകുന്നു. പ്രതിമാസ വാടക 90,000 രൂപയാണ് (സി.സി.എസ്.ഐ.ടി ക്കും എസ്.എം.എസിനും കൂടി). വാടകയുമായി ബന്ധപ്പെട്ട് കെട്ടിട ഉടമയും യൂണിവേഴ്സിറ്റിയുമായി നെഗോസിയേഷൻ പൂർണ്ണമാവുകയോ എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല. |
| സി) യൂണിവേഴ്സിറ്റി ഈ കെട്ടിടത്തിന് നൽകുന്ന വാടക എത്രയാണ്; എന്നുമുതലാണ് ഈ വാടക നൽകി തുടങ്ങിയതെന്നും ഇന്നു വരെ എത്ര രൂപ വാടകയിനത്തിൽ കെട്ടിടയുടമയ്ക്ക് നൽകിയെന്നും വിശദമാക്കാമോ; | സി) യൂണിവേഴ്സിറ്റി കുറ്റിപ്പുറത്തുള്ള ഡയര ടവർ കെട്ടിടത്തിന് ഇതുവരെയും വാടക ഒന്നും കൊടുത്തിട്ടില്ല. യൂണിവേഴ്സിറ്റി ആവശ്യപ്പെട്ടിട്ടും കെട്ടിട ഉടമ ഇതുവരെ യൂണിവേഴ്സിറ്റിയുമായി വാടക കരാറിൽ ഒപ്പിട്ടിട്ടില്ല. |
| ഡി) പ്രസ്തുത കെട്ടിടം ഏറ്റെടുത്ത സമയത്ത് എന്തൊക്കെ സൗകര്യങ്ങളാണ് കെട്ടിട ഉടമയോട് യൂണിവേഴ്സിറ്റി ആവശ്യപ്പെട്ടിരുന്നത് | ഡി) ക്ലാസ്സ് റൂമുകളാക്കി തിരിക്കണം, യൂണിവേഴ്സിറ്റി എഞ്ചിനീയർ |

എന്ന് വിശദമാക്കാമോ;

കൊടുത്തിരിക്കുന്ന സ്കെച്ച് പ്രകാരം പ്രത്യേകം ക്ലാസ്സ് റൂമുകൾ, ലൈബ്രറി, സെമിനാർ ഹാൾ, കമ്പ്യൂട്ടർ ലാബ്, ഓഫീസ്, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഉള്ള പ്രത്യേകം ടോയിലറ്റ് കൂടാതെ വാതിലുകളും ജനലുകളും വെന്റിലേറ്ററുകളും ഘടിപ്പിച്ച കെട്ടിടം തയ്യാറാക്കി തരണം എന്ന് എഞ്ചിനീയറിംഗ് വിഭാഗം നിഷ്കർഷിച്ചിട്ടുള്ളതാകുന്നു. കൂടാതെ ടോയിലറ്റുകളിലും വാഷ് ബേസിനുകളിലും വേണ്ടത്ര ജലവിതരണം ലഭ്യമാക്കുവാനും മതിയായ ഇലക്ട്രിഫിക്കേഷനുകളും ചെയ്തു തരുവാനും ആവശ്യപ്പെട്ടിരുന്നു.

ഇ) കെട്ടിടം യൂണിവേഴ്സിറ്റി ഏറ്റെടുത്ത അന്നുമുതൽ ഇന്നു വരെ വാടകയിനത്തിൽ ഒരു രൂപ പോലും നൽകാതിരുന്നതിനാൽ കെട്ടിട ഉടമ യൂണിവേഴ്സിറ്റിയ്ക്ക് രേഖാമൂലം പരാതി നൽകിയിരുന്നോ;

ഇ) വാടക ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിരുന്നു.

എഫ്) എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടിയാണ് സർവ്വകലാശാല സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

എഫ്) മേൽപടി പരാതിയുടെ അടിസ്ഥാനത്തിൽ കെട്ടിട ഉടമയായ ശ്രീ. കെ.കെ. മുഹമ്മദ് ഹനീഫയുമായി വാടക സംബന്ധിച്ച ചർച്ച നടത്തുകയുണ്ടായി. തുച്ഛമായ ഫീസ് വാങ്ങി എം.ബി.എ. യും എം.സി.എ. യും പോലുള്ള സ്വാശ്രയ കോഴ്സുകൾ നടത്തുന്ന കുറ്റിപ്പുറം സെന്ററിന് 90,000 രൂപ പ്രതിമാസ വാടക കൊടുക്കേണ്ടിവരുന്നത് അധികമാണെന്ന് കണ്ടതിനാൽ അധിക വാടക കുറച്ചുതരുവാൻ കെട്ടിട ഉടമയോട് ചർച്ചയിൽ ആവശ്യപ്പെടുകയുണ്ടായി.

നാമമാത്രമായി 5,000 രൂപ കുറച്ചു തരുവാൻ ഉടമ സമ്മതിച്ചെങ്കിലും യൂണിവേഴ്സിറ്റിക്ക് അത് സ്വീകാര്യമല്ല എന്ന് അദ്ദേഹത്തേയും ബന്ധപ്പെട്ടവരേയും

അറിയിക്കുകയുണ്ടായി. തുടർന്ന് വീണ്ടും 2012 ഡിസംബർ മാസത്തിൽ കെട്ടിട ഉടമയുമായി വീണ്ടും യൂണിവേഴ്സിറ്റി അധികാരികൾ ചർച്ച നടത്തുകയും മറ്റ് തുടർ നടപടികൾക്കായി ഈ വിഷയം യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് വിട്ടിരിക്കുകയാണ്. കെട്ടിട ഉടമ വാടകയ്ക്ക് നൽകുന്നതിനു മുൻപേ തന്നെ നിർവഹിക്കേണ്ടതായ വാടകക്കരാർ ഇതുവരെ ഒപ്പിട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**